ഉത്തരം

(എ) നിർമ്മാണം പൂർത്തീകരിച്ച ആറും നിർമ്മാണം നടന്നുവരുന്ന അഞ്ചും ഫിഷിംഗ് ഹാർബറുകളുണ്ട്.

(ബി—ഡി) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളിലൊന്നിനേയും വാണിജ്യ തുറമുഖമാക്കുവാൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ വിഴിഞ്ഞം, തങ്കശ്ശേരി, ബേപ്പൂർ എന്നീ ഹാർബറുകളിൽ ലഭ്യമായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ചരക്കു കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഫിഷിംഗ് ഹാർബറുകളിൽ ഇത്തരം സൗകര്യം നൽകുമ്പോൾ അത് മത്സ്യബന്ധനത്തെ യാതൊരു തരത്തിലും ബാധിക്കുകയോ അവിടങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾക്ക് യാതൊരു കോട്ടവും ഉണ്ടാക്കുകയോ ചെയ്യാത്തതരത്തിലാണ് വികസനപ്രവർത്തനങ്ങൾ വിഭാവനം ചെയ്തിട്ടുള്ളത്.

ഫിഷറീസ്-ടൂറിസം വകുപ്പുകൾ ചേർന്ന കലാഗ്രാമങ്ങൾ

37 [5413] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ലൂഡി ലൂയിസ്:
,, പി. ജെ. ജോയി:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് ടൂറിസം വകുപ്പുകൾ ചേർന്ന് എവിയെയെല്ലാം കലാഗ്രാമങ്ങൾ രൂപപ്പെടുത്താനുദ്ദേശിക്കുന്നു;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്;

(സി) ഇതിന് എന്ത് ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു; ഈ ഗ്രാമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്ത്?

ഉത്തരം

(എ) എറണാകുളം ജില്ലയിലെ 'കുമ്പളങ്ങി' പഞ്ചായത്തിനെ ഒരു ടൂറിസ്റ്റ് വില്ലേജായി രൂപപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി, സി) അതിപുരാതനവും ചരിത്രപ്രധാനവുമായ ഈ പ്രദേശത്തിന്റെ വികസനത്തിനായി ഒരു മൂപരേഖ തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി ഒരു പ്രോജക്ട് ഓഫീസറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മൂല്യാധിഷ്ഠിത പാരമ്പര്യ മൂല്യങ്ങൾ (heritage value) നിലനിർത്തുന്നതും പ്രകൃതിക്ക് അനുയോജ്യവുമായ ഒരു വികസന പ്രക്രിയയ്ക്ക് രൂപം നൽകുന്നതിനാണ് ഊന്നൽ നൽകുന്നത്. ആയതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങളുടെ വികസനം, കുമ്പളങ്ങിയുടെ തനത് കലാരൂപങ്ങൾ, ഭക്ഷ്യ വിഭവങ്ങൾ, മത്സ്യബന്ധന രീതി എന്നിവയെ സഞ്ചാരികൾക്ക് പരിചയപ്പെടുത്തൽ, പുരാതന കെട്ടിടങ്ങളുടെയും, പള്ളികളുടെയും (heritage buildings) തനിമ നഷ്ടപ്പെടാതെ സംരക്ഷിച്ച് സഞ്ചാരികൾക്കുള്ള സന്ദർശന കേന്ദ്രങ്ങളാക്കി മാറ്റുക എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനായി ഏകദേശം 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly